





# Affordable Luxury
# സന്താരി പേൾ...

**ആഢംബരത്തെ ജനകീയമാക്കി, കോവിഡിനോട് പൊരുതി, ടൂറിസം വ്യവസായത്തിന് പുതിയമുഖം നൽകുകയാണ് ആലപ്പുഴ മാരാരിയിലെ സന്താരി പേൾ റിസോർട്...**

**Text: Baiju Govind | Photo: Harikrishnan**



പൂൾ വില്ല



പൂൾ വില്ലയിലെ ബെഡ് റൂം

മാരാരി കടപ്പുറത്തിനരികെ ഡിസംബറിലെ രാത്രി. പച്ചക്കറിയും പുൽമേടുമുള്ള തെങ്ങിൻ തോട്ടത്തിനു നടുവിൽ പൂൾ വില്ലയിലാണു താമസം. കഴിഞ്ഞ വർഷങ്ങളിലേതു പോലെ അതിഥികളായി വിദേശികളില്ല. രാപാർക്കാൻ എത്തിയവരേറെയും മലയാളികൾ. നിലാവു കാണാനിറങ്ങിയവർ സന്താരിയുടെ മുറ്റത്ത് ഒത്തു കൂടി. എട്ടു മാസം കാത്തിരുന്നു കിട്ടിയ സമ്മാനം പോലെ അവർ മഹാമാരിയെ പ്രതിരോധിച്ചു പരിചയം പുതുക്കി, പൊട്ടിച്ചിരിച്ചു.

### ഫോക്കസ് പ്രാദേശിക ടൂറിസം

ലോക്ഡൗണിനെ തുടർന്ന് അടച്ച സന്താരി തുറന്നു, പുതുമകളോടെ. കുടുംബവുമായെത്തുന്ന മലയാളികൾക്ക് ആസ്വദിക്കാവുന്ന രീതിയിൽ പ്രോഗ്രാമിൽ മാറ്റം വരുത്തി. റസ്റ്ററന്റ് 'മെനു' അപ്ഡേറ്റ് ചെയ്തു. പാക്കേജ് നിരക്ക് അൻപതു ശതമാനം കുറച്ചു. പ്രാദേശിക ടൂറിസമാണു 'ഫോക്കസ്'.

**ചിപ്പിക്കുള്ളിലെ മുത്ത് എന്നതാണു സന്താരി പേളിന്റെ രൂപകൽപനയുടെ സങ്കൽപം. സ്വിമ്മിങ് പൂൾ, മീൻ വളർത്തുന്ന കുളം എന്നിവയ്ക്കു ചുറ്റുമാണ് സന്താരിയുടെ വില്ലകൾ.**

മുഹമ്മയിൽ നിന്നു മാരാരി ബീച്ചിലേക്കുള്ള റോഡിൽ വലതു വശത്താണു 'സന്താരി പേൾ' റിസോർട്. 18 ഏക്കറിൽ ഇരുപത്തേഴു വില്ലകൾ. നീന്തൽക്കുളം, പച്ചക്കറിത്തോട്ടം, പശുഫാം, കുട്ടികളുടെ കളിസ്ഥലം, ആയുർവേദ പരിചരണം...

അനുഭൂതിയെ സൂചിപ്പിക്കുന്ന 'സന്താരി' എന്ന പേരു വന്നതു മധ്യ അമേരിക്കയിലെ 'കോസ്റ്ററിക്ക'യിലുള്ള സന്താരി റിസോർട്ടിൽ നിന്നാണ്.

'ചിപ്പിയ്ക്കുള്ളിലെ മുത്ത്' - എന്നതാണു സന്താരി പേളിന്റെ രൂപകൽപനയുടെ സങ്കൽപം. സ്വിമ്മിങ് പൂൾ, മീൻ വളർത്തുന്ന കുളം എന്നിവയ്ക്കു ചുറ്റുമാണ് സന്താരിയുടെ വില്ലകൾ. വേനലിന്റെ കൊടുംചൂടിനു താഴെ സുഖകരമായ താമസം. വെളുപ്പു നിറമണിഞ്ഞ വൃത്താകൃതിയിലുള്ളവ. ക്വീൻ സൈസ് ബെഡ്, വിസ്താരമേറിയ മുറി. തുറസ്സായ ശുചിമുറി. വില്ലകളിൽ പ്രൈവറ്റ് പൂൾ ഉണ്ട്. പകലും രാത്രിയും ആകാശം ആസ്വദിച്ചു നീന്തിത്തുടിക്കാം, കടൽത്തീരത്തെന്ന പോലെ.

അതിഥികളെ റിസപ്ഷനിൽ നിന്നു മുറിയിലെത്തിക്കുന്നത് ഇ-റിക്ഷയിലാണ്. വിശ്രമത്തിനു ശേഷം റിസോർട് കാണാൻ ഇറങ്ങാം. വെച്ചൂർ പശുക്കളെ വളർത്തുന്ന തൊഴുത്ത്, ജൈവപച്ചക്കൃഷി തോട്ടം, മീൻ വളർത്തുന്ന കുളം എന്നിങ്ങനെ ഗ്രാമക്കാഴ്ചകൾ. സായാഹ്നം കുട്ടികൾക്കൊപ്പം കളിസ്ഥലത്ത്. വ്യായാമം ആവശ്യമുള്ളവർക്കു സൈക്കിൾ സവാരി നടത്താം. പടിഞ്ഞാറു പാതയിൽ നടന്നാൽ ബീച്ച് - അസ്തമയം കാണാം. ഓപ്പൺ റസ്റ്ററന്റിൽ വിഭവസമൃദ്ധമായ അത്താഴം, ഫോർ സ്റ്റാർ ആഡംബരമുള്ള മുറിയിൽ അന്തിയുറക്കം. പിറ്റേന്നു രാവിലെ കടൽത്തീരത്തു സൂര്യോദയം കണ്ട് പ്രഭാതഭക്ഷണം കഴിഞ്ഞു വിശ്രമത്തിനു ശേഷം മടക്കം.



കോവിഡ് മഹാമാരിയിൽ സ്തംഭിച്ച ടൂറിസം മേഖലയിൽ പുതുതരംഗം സൃഷ്ടിക്കുന്നു സന്താരി. പ്രാദേശിക വിനോദസഞ്ചാരികൾക്ക് ഊർജം പകർന്നു കൊണ്ടുള്ള ടൂറിസം, പ്രാദേശിക ടൂറിസത്തിന് ഊന്നൽ നൽകിയുള്ള വിനോദസഞ്ചാരം. ■

## റിവെഞ്ച് ടൂറിസത്തിനു തുടക്കം സന്താരി പേളിൽ

*ഇപ്പോൾ യാത്ര സുരക്ഷിതമാണോ?*

**വിനോദസഞ്ചാരം പുതുമയോടെ പുനരാരംഭിക്കുന്നു. 'റിവെഞ്ച് ടൂറിസം' എന്നു വിശേഷിപ്പിക്കാം - മഹാമാരിയെ വെല്ലുവിളിച്ചു മുന്നോട്ട്. പ്രകൃതിയെ സംരക്ഷിച്ചു കൊണ്ടുള്ള വിനോസഞ്ചാരത്തിന്റെ പ്രധാന്യം തിരിച്ചറിയാനുള്ള അവസരം. പുതുമയെ അംഗീകരിക്കുക, പ്രശ്നം മറികടക്കുക, അതിജീവിക്കുക - ഇതാണ് ഈ സാഹചര്യത്തിൽ ടൂറിസം മേഖല സ്വീകരിക്കേണ്ട രീതി.**

**കോവിഡ് പ്രോട്ടോകോൾ പാലിച്ചു കൊണ്ടാണ് റിസോർട്ടിന്റെ പ്രവർത്തനം. റൂം സർവീസിനു നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. മുറികൾ എല്ലാ ദിവസവും അണു മുക്തമാക്കിയ ശേഷമാണ് അതിഥികളെ പ്രവേശിപ്പിക്കുക. സ്വിമ്മിങ് പൂൾ, സ്പാ, കോൺഫറൻസ് ഹാൾ എന്നിവ തൽക്കാലികമായി അടച്ചിട്ടിരിക്കുകയാണ്.**

*എന്തൊക്കെയാണ് മലയാളികൾക്കായി തയാറാക്കിയിട്ടുള്ള സ്പെഷൽ പാക്കേജുകൾ?*

**മാരാരിയിലെ സന്താരിയിൽ പതിനഞ്ചു വില്ലകൾ തുറന്നിട്ടുണ്ട്. അതിഥികളിലേറെയും മലയാളികൾ. പ്രാദേശിക ടൂറിസ്റ്റുകൾക്ക് ചൈനീസ്, കോൺടിനെന്റൽ വിഭവങ്ങളാണു പ്രിയം. സന്താരി റസ്റ്ററന്റിൽ ഇതു രണ്ടും ലഭ്യം.**

**2015ലാണ് ആലപ്പുഴയിലെ മാരാരിയിൽ സന്താരി പേൾ തുറന്നത്. തേക്കടി കാർഡമം കൗണ്ടി, ഫോർട് കൊച്ചിയിലെ സന്താരി ഹാർബർ, സെൻട്രൽ അമേരിക്കയിൽ കോസ്റ്ററിക്കയിലുള്ള സന്താരി എന്നിവയാണ് മുത്തൂറ്റ് ഗ്രൂപ്പിന്റെ മറ്റു റിസോർട്ടുകൾ.**

**ലോക്ഡൗണിനു ശേഷം സന്താരി പേൾ മാത്രമേ തുറന്നുള്ളൂ. ആലപ്പുഴയിൽ സന്താരി റിവർ എസ്കേപ്സിന്റെ ഒൻപതു ഹൗസ് ബോട്ടുണ്ട്. സർവീസ് പുനരാരംഭിച്ചിട്ടില്ല.**

**ജോർജ് എം. ജോർജ്,**
മാനേജിങ് ഡയറക്ടർ,
സന്താരി പേൾ, മാരാരി ബീച്ച്, ആലപ്പുഴ

